LIBRARY ARCHIVES Kerala Legislative Assembly

ടൂറിസം രംഗത്ത് പുതിയ സംരംഭങ്ങൾ

30 (*240) ശ്രീ. റ്റി.യു. കുരുവിള :

ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം രംഗത്ത് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന പുതിയ സംരംഭങ്ങൾ എന്തെല്ലാമാണെന്നു വിശദമാക്കുമോ;

(ബി) കേരളത്തിന്റെ ടൂറിസം സാദ്ധ്യതകൾ വർദ്ധിപ്പിക്കുന്നതിനായി വടക്കേ ഇന്ത്യൻ സംസ്ഥാനങ്ങളിലുൾപ്പെടെയുള്ള ദൃശ്യ മാധ്യമങ്ങൾ മുഖേന പരസ്യങ്ങൾ നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ?

പട്ടികജാതി പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽ കുമാർ):

(എ&ബി) കേരളത്തിന്റെ ടൂറിസം സാധ്യതകൾ വർദ്ധിപ്പിക്കുന്നതിനായി വിവിധ വിപണന തന്ത്രങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു. ഇതിനായി ദൃശ്യ അച്ചടി മാധ്യമങ്ങളിലൂടെയും മറ്റ് നൂതന മാർഗ്ഗങ്ങളിലൂടെയും വിവിധ പ്രചാരണ പരിപാടികൾ നടപ്പിലാക്കി വരുന്നു. ഈ വിപണന തന്ത്രത്തിന്റെ ഭാഗമായി കേരളത്തിന്റെ പ്രധാന ആഭ്യന്തര വിപണികളായ തമിഴ്നാട്, കർണ്ണാടക, ഗുജറാത്ത്, മഹാരാഷ്ട്ര, ഡൽഹി, പഞ്ചാബ് തുടങ്ങിയ സംസ്ഥാനങ്ങളിലെ വിവിധ ദൃശ്യ അച്ചടി മാധ്യമങ്ങളിലൂടെ പ്രചാരണ പരിപാടികൾ സംഘടിപ്പിച്ചുവരുന്നു. കൂടാതെ ആഭ്യന്തര വിനോദസഞ്ചാരികളുടെ കേരളത്തിലേക്കുള്ള വരവ് വർദ്ധിപ്പിക്കുന്നതിനായി 2015-16 'വിസിറ്റ് കേരള' വർഷമായി ആചരിക്കുന്നു.

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

അവയവദാനവും സ്വീകരിക്കലും - നിയമവ്യവസ്ഥകൾ

1 (2275) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അവയവദാനവും സ്വീകരിക്കലും സംബന്ധിച്ച് തുടർന്നു വരുന്ന നിയമവ്യവസ്ഥകൾ എന്തെല്ലാമെന്നും ഇതിൽ എന്തെങ്കിലും മാറ്റങ്ങൾ ഈ സർക്കാർ വരുത്തിയോയെന്നും വ്യക്തമാക്കുമോ;

(ബി) അവയവദാന മാറ്റ ശസ്ത്രക്രിയയുമായി ബന്ധപ്പെട്ട് ഈ സർക്കാറിന്റെ കാലയളവിൽ എത്ര തുക ചെലവഴിച്ചു;

(സി) അവയവദാന മാറ്റ ശസ്ത്രക്രിയ സംസ്ഥാനത്ത് ഏതെല്ലാം സർക്കാർ/സ്വകാര്യ ആശുപത്രികളിൽ നിലവിൽ നടന്നുവരുന്നു; ഇവയിൽ ഓരോ അവയവദാന മാറ്റ ശസ്ത്രക്രിയയ്ക്കും സർക്കാർ/സ്വകാര്യ ആശുപത്രികളിൽ ഈടാക്കുന്ന ചികിത്സാ നിരക്ക് എത്ര തുക വീതം എന്ന് വ്യക്തമാക്കുമോ;

(ഡി) മസ്തിഷ്ക മരണം സംഭവിച്ച എത്ര പേരുടെ അവയവങ്ങൾ സർക്കാർ നേതൃത്വത്തിൽ വിവിധ സ്വീകർത്താക്കൾക്ക് ദാനം ചെയ്യുവെന്നും അവർ ആരെല്ലാം എന്നും (ദാനം ചെയ്യവരും സ്വീകരിച്ചവരും) ഇവയിൽ ഓരോന്നിനും സർക്കാരിന് ഉണ്ടായ ചെലവ് എത്ര എന്നും വ്യക്തമാക്കുമോ;

(ഇ) അവയവദാന/മാറ്റ ശസ്ത്രക്രിയ വളരെ സങ്കീർണ്ണമായ നമ്മുടെ സംസ്ഥാനത്ത് നിയമത്തിൽ സമൂലമാറ്റം വരുത്തി വ്യവസ്ഥകൾ ഉദാരമാക്കി മൾട്ടി ഓർഗൻ ട്രാൻസപ്ലാന്റിംഗ് സെന്റർ അടിയന്തരമായി തുടങ്ങുവാൻ നടപടി സ്വീകരിക്കുമോ ; എങ്കിൽ എത്ര നടപടി സ്വീകരിക്കും ; വ്യക്തമാക്കുമോ?

ഉത്തരം

(എ) അവയവ മാറ്റിവയ്ക്കൽ ആക്ട് 1994 Transplantation of Human Organ and Tissue Act 1994 G.S.R.218 (E) 2014 -ലെ റൂൾ എന്നിവ പ്രകാരമാണ് സംസ്ഥാനത്ത് അവയവദാനം/അവയവം മാറ്റിവയ്ക്കൽ അല്ലെങ്കിൽ സ്വീകരിക്കൽ നടപ്പിലാക്കുന്നത്. ഇത് എല്ലാ സംസ്ഥാനങ്ങൾക്കും ബാധകമാണ്.

(ബി) അവയവദാന ശസ്ത്രക്രിയയുമായി ബന്ധപ്പെട്ട് അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ഓപ്പറേഷൻ തീയേറ്റർ, ട്രാൻസ്പ്ലാന്റ് ICU, ഡയാലിസിസ് യൂണിറ്റ് എന്നിവയ്ക്കായി തിരുവനന്തപുരം, കോട്ടയം, കോഴിക്കോട് എന്നീ മെഡിക്കൽ കോളേജുകൾക്കായി 9 കോടി 50 ലക്ഷം രൂപ ചെലവഴിക്കുകയുണ്ടായി.

(സി) കേരളത്തിൽ നിലവിൽ നാല് സർക്കാർ മെഡിക്കൽ കോളേജുകളിലാണ് വൃക്കമാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടക്കുന്നത്. സർക്കാർ മെഡിക്കൽ കോളേജിലെ ആദ്യ ഹൃദയം മാറ്റിവയ്ക്കൽ ശസ്ത്രക്രിയ കോട്ടയം മെഡിക്കൽ കോളേജിൽ നടന്നു. കേരള സർക്കാർ കരൾമാറ്റ ശസ്ത്രക്രിയ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ തുടങ്ങാനിരിക്കുകയും അതിനുള്ള എല്ലാ സൗകര്യങ്ങളും സജ്ജമാക്കിയിട്ടുമുണ്ട്. സ്വകാര്യ ആശുപത്രികളിൽ അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വേണ്ടിവരുന്ന

LIBRARY ARCHIVES Kerala Legislative Assembly

ചെലവ് സംബന്ധിച്ച വിവരങ്ങൾ സർക്കാരിൽ ലഭ്യമല്ല. സർക്കാർ മേഖലയിൽ തിരുവനന്തപുരം, കോട്ടയം, കോഴിക്കോട്, ആലപ്പുഴ മെഡിക്കൽ കോളേജുകളിൽ വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയ സൗജന്യമായാണ് നടത്തുന്നത്.

(ഡി) കേരളത്തിൽ 2012 ആഗസ്റ്റ് മാസം മുതൽ 194 മസ്തിഷ്ക മരണാനന്തര അവയവദാനം നടന്നിട്ടുണ്ട്. ഇതുവഴി 527 പേർക്ക് അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയ ചെയ്തിട്ടുണ്ട്. മസ്തിഷ്ക മരണാനന്തരം അവയവങ്ങൾ ദാനം ചെയ്തവരുടെ വിശദാംശം അനുബന്ധമായി ഉൾക്കൊള്ളിച്ചിരിക്കുന്നു*. അവയവങ്ങൾ സ്വീകരിച്ചവരുടെ പൂർണ്ണമായ വിശദാംശം നിലവിൽ ലഭ്യമല്ല.

(ഇ) അവയവദാനം/മാറ്റം സംബന്ധിച്ച് കേന്ദ്രസർക്കാർ നിയമമാണ് നിലനിൽക്കുന്നത്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ കരൾമാറ്റ ശസ്ത്രക്രിയയ്ക്കായുള്ള സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്.

പുതിയ മെഡിക്കൽ കോളേജുകളുടെ നിർമ്മാണപുരോഗതി

2 (2276) ശ്രീ. മോൻസ് ജോസഫ് :

ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ മേഖലയ്ക്ക് ദിശാബോധം നൽകുന്ന പുതിയ മെഡിക്കൽ കോളേജുകളുടെ നിർമ്മാണ പുരോഗതി വ്യക്തമാക്കുമോ;

(ബി) ആശുപത്രികളുടെ പ്രവർത്തനം കൂടുതൽ ഫലപ്രദമാക്കുന്നതിന് മരുന്നുകളുടെ ലഭ്യത, ജീവനക്കാരുടെ സാന്നിദ്ധ്യം, ലാബ് സംവിധാനങ്ങളുടെ പ്രവർത്തനം ഉറപ്പ് വരുത്തൽ എന്നീ കാര്യങ്ങളിൽ ശ്രദ്ധ നൽകുന്നതിനാവശ്യമായ പ്രത്യേക മോണിറ്ററിംഗ് സംവിധാനം ലഭ്യമാക്കുമോ;

(സി) സർക്കാർ ആശുപത്രികൾ വൃത്തിയായി സൂക്ഷിക്കുന്നതിന് എന്തെല്ലാം പദ്ധതികൾ നടപ്പാക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) മഞ്ചേരി, ഇടുക്കി മെഡിക്കൽ കോളേജുകൾ നിലവിൽ വന്നു. കോന്നി, തിരുവനന്തപുരം ജി.എച്ച്. മെഡിക്കൽ കോളേജുകൾക്ക് പ്രിൻസിപ്പാൾ ഓഫീസ് നിലവിൽവന്നു. കാസർഗോഡ്, വയനാട് മെഡിക്കൽ കോളേജുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ നടപടി നടന്നുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly